**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5328 — 23-05-2017-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അഴിമതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | **ഡോ.കെ.ടി.ജലീൽ**<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ എത്ര എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ അഴിമതിയുടെ പേരിൽ നടപടിയ്ക്ക് വിധേയരായിട്ടുണ്ട്; 2016 ജനുവരി മുതലുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) 141 പേർ. |
| (ബി) ഇതിൽ എത്ര പേരെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചു; എത്ര പേർക്കെതിരെ അച്ചടക്ക നടപടി തുടരുന്നുണ്ട്; തിരുവനന്തപുരം നഗരസഭയിൽ ഇത്തരത്തിലുള്ള എത്ര പേർ ജോലി നോക്കുന്നുണ്ട്; | (ബി) സസ്പെന്റ് ചെയ്യപ്പെട്ടവരിൽ 7 പേരെ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. ഇതിൽ 5 പേർക്കെതിരെ അച്ചടക്കനടപടി തുടരുന്നു. തിരുവനന്തപുരം നഗരസഭയിൽ ഇത്തരത്തിലുള്ള ആരും തന്നെ ജോലി നോക്കുന്നില്ല. |
| (സി) മിനിസ്റ്റീരിയൽ ജീവനക്കാരിൽ നടപടിയ്ക്ക് വിധേയരായ എത്ര പേർ തിരുവനന്തപുരം നഗരസഭയിൽ ജോലി നോക്കുന്നുണ്ട്; 2016 ജനുവരി മുതലുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) അന്വേഷണ വിധേയമായി 3 പേരെ സസ്പെൻഡ് ചെയ്യുകയും, ആയതിൽ ഒരാളെ അച്ചടക്ക നടപടി തുടർന്നുകൊണ്ട് സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) സസ്പെൻഷൻ അല്ലാതെ മറ്റ് അച്ചടക്ക നടപടിയ്ക്ക് വിധേയരായ എത്രപേർ നഗരസഭയിൽ ജോലി നോക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (ഡി) 3 പേർ. |
| (ഇ) ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന എഞ്ചിനീയറിംഗ് ജീവനക്കാരുടെ പേരിൽ എടുക്കുന്ന നടപടികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ? | (ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അഴിമതിമുക്തമാക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് 'ഫോർ ദ പീപ്പിൾ' എന്ന പരാതി പരിഹാര സെല്ലിന് രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന വിജിലൻസ് വകുപ്പ്, CTP (Vigilance), മറ്റ് വകുപ്പ് മേധാവികൾ എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അഴിമതി, കാലതാമസം തുടങ്ങിയ ക്രമക്കേടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**